# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2582      01/04/2013 ൽ മറുപടിയ്ക്ക്

## പട്ടികജാതി പിന്നോക്ക വിഭാഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ

| ചോദ്യം<br>ശ്രീ. പി. തിലോത്തമൻ | | ഉത്തരം<br>ശ്രീ. എ.പി. അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ മന്ത്രി) | |
|---|---|---|---|
| (എ) | പട്ടിക സമുദായത്തിൽപ്പെട്ടവരും മറ്റ് പിന്നോക്ക വിഭാഗത്തിൽപ്പെട്ട വരുമായ വിദ്യാർത്ഥികൾക്ക് ബി.ടെക് പോലുള്ള കോഴ്സുകൾക്ക് ലഭിക്കേണ്ട ഗ്രാന്റുകൾ അപേക്ഷിച്ച് പല വർഷം കഴിഞ്ഞും ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കുമോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br>നിലവിലുള്ള ഉത്തരവ് പ്രകാരം അർഹത ഉള്ള വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ യഥാസമയം തന്നെ അനുവദിച്ച് വരുന്നുണ്ട്. |
| (ബി) | വിദ്യാഭ്യാസ സ്ഥാപനങ്ങൾ പിന്നോക്ക വിഭാഗക്കാരോടും പട്ടികസമുദായ വിദ്യാർത്ഥി കളോടും കാണിക്കുന്ന ഇത്തരം നടപടികൾക്കെതിരെ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്ത മാക്കുമോ; | (ബി) | ഗ്രാന്റുകൾക്ക് അപേക്ഷ നൽകിയിട്ടും അർഹതയുള്ള ആനുകൂല്യം ലഭിച്ചിട്ടി ല്ലായെന്ന പരാതി ലഭിച്ചാൽ നടപടി സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | പെരിനാട് കാർമൽ എഞ്ചിനീയറിംഗ് കോളേജിൽ ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് ഗ്രാൻറ് നൽകുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അടിയന്തിരമായി തുക വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ? | (സി) | പെരിനാട് കാർമൽ എഞ്ചിനീയറിംഗ് കോളേജിൽ നിന്നും ഗ്രാന്റ് അനുവദിക്കുന്നതിന് നൽകിയിട്ടുള്ള ഫണ്ട് സ്റ്റേറ്റ്മെന്റുകൾക്കെല്ലാം ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ